നിയമ സംസ്കാര കേന്ദ്രത്തിന്റെ
# ജനനീതി
വാല്യം : 11 ◆ ലക്കം : 1 ◆ ജനുവരി 2004 ◆ വരിസംഖ്യ– ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

# വൈകല്യങ്ങളുള്ളവരും നിയമങ്ങളും

**അഡ്വ. വിനീത് പി.പി.**

**ഇ**ന്ത്യയിലെ മൊത്തം ജനസംഖ്യയിൽ ആറ് ശതമാനത്തോളം ശാരീരികമൊ മാനസികമൊ ആയ വൈകല്യങ്ങൾ ഉള്ളവരാണെന്നാണ് ഏകദേശ കണക്ക്. മനുഷ്യാവകാശങ്ങളുടെ വിസ്തൃത മേഖലയിൽ വൈകല്യങ്ങളുള്ളവരുടെ അവകാശസംരക്ഷണം പരമപ്രധാനമാണ്. സമൂഹത്തിന്റെ മുഖ്യധാരയിലുള്ള അവകാശങ്ങളും കടമകളും ഇവർക്കുമുണ്ട്. മറ്റുള്ളവർക്കൊപ്പം ഈ അവകാശങ്ങൾ അനുഭവിക്കാൻ അവരുടെ ദുർബലസ്ഥിതി തടസ്സമാകയാൽ അവർക്ക് പ്രത്യേകം സംരക്ഷണ നിയമങ്ങൾ ആവശ്യമുണ്ട്. ഇന്ത്യയെ പോലുള്ള ഒരു ക്ഷേമരാഷ്ട്രത്തിൽ ഇവരുടെ അവകാശങ്ങൾക്ക് മുന്തിയ പരിഗണന നൽകേണ്ടതുണ്ട്. ഭരണഘടനാ വ്യാഖ്യാനങ്ങളും കോടതി വിധികളും അന്താരാഷ്ട്ര ഉടമ്പടികളും ഈ പ്രത്യേക പരിഗണനകളെ സാധൂകരിക്കുന്നുണ്ട്.

ഉദാത്തമായ സൃഷ്ടികൾ കൊണ്ട് ലോകത്തിനു തന്നെ മാതൃകയായിട്ടുള്ളതും ലോകത്തെ ഹരം കൊള്ളിച്ചിട്ടുള്ളതുമായ ബിഥോവനേയും, ബ്രെയിലിയേയും, സ്റ്റീഫൻ ഹോക്കിംഗിനെയും പോലെയുമുള്ള അനേകം വൈകല്യങ്ങളുള്ളവരെക്കുറിച്ച് നമ്മൾ കേട്ടിട്ടുണ്ട്. അതിൽ നിന്ന് നമുക്ക് ഒന്ന് മനസ്സിലാക്കാം. ശരിയായ സാഹചര്യവും അംഗീകാരവും ലഭിച്ചാൽ വൈകല്യങ്ങളുള്ളവർക്ക് സാധാരണ ജീവിതം നയിക്കാനും സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് വരുവാനും സാധിക്കും. പൊതുജീവിതത്തിൽ പൂർണ്ണപങ്കാളിത്തവും അവസരസമത്വവും നൽകുക, വൈകല്യങ്ങളുള്ളവരുടെ അവകാശങ്ങൾക്ക് സംരക്ഷണം നൽകുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയാണ് The Persons with Disabilities (Equal Opportunities, Protection of Rights and Full Participation) Act എന്ന നിയമം 1995 ൽ കൊണ്ടുവന്നത്. അതുപോലെ തന്നെ The Mental Health Act 1987 ൽ മാനസിക രോഗികളുടെ ചില അവകാശങ്ങളെയും അവ സംരക്ഷിക്കുന്നതിനെയും കുറിച്ച് പ്രത്യേകം പ്രതിപാദിക്കുന്നുണ്ട്.

ബീജിംഗിൽ വെച്ച് 1992 ൽ ചേർന്ന ഏഷ്യാ പസഫിക്ക് രാജ്യങ്ങളുടെ സാമ്പത്തിക-സാമൂഹ്യ കമ്മീഷൻ 1993-2002 വൈകല്യങ്ങളുള്ളവരുടെ ദശകമായി പ്രഖ്യാപിക്കുകയും അതേ മീറ്റിംഗിൽ ഏഷ്യാ-പസഫിക്ക് രാജ്യങ്ങൾ Proclamation on the full Participation and Equality of People with Disabilities അംഗീകരിക്കുകയുണ്ടായും ചെയ്തു. ഇന്ത്യ ഇതിൽ ഒപ്പ് വെച്ച രാജ്യമാണ്. ആയത് കൊണ്ട് വൈകല്യങ്ങളുള്ളവരുടെ പൂർണ്ണ പങ്കാളിത്തത്തിനും തുല്യതയ്ക്കും വേണ്ടി നിലകൊള്ളാൻ ഇന്ത്യയും ബാദ്ധ്യസ്ഥമാണ്. ഭരണഘടനയുടെ നിലപാടുകൾ ഇത്തരം ഒരു കാഴ്ചപ്പാടിന് ഊന്നൽ നൽകുകയും ചെയ്യുന്നുണ്ട്.

The Persons with Disabilites (Equal Opportunities protection of Rights and Full Participation) Act എന്ന നിയമത്തിൻ കീഴിൽ വരുന്ന വൈകല്യങ്ങൾ താഴെ പറയുന്നവയാണ്.

1) പൂർണ്ണമായും കാഴ്ച്ച ഇല്ലാത്ത അവസ്ഥ (blindness)
2) നിശ്ചിതപരിധിക്കപ്പുറത്തുള്ള (ഭാഗിഗമായ) കാഴ്ചഇല്ലായ്മ (low vision)
3) മസ്തിഷ്ക സ്തംഭനാവസ്ഥ (Cerebral Palsy)
4) കുഷ്ഠരോഗം മാറിയത് (leaving impairment)
5) കേൾവിക്കുറവ് (hearing impairment)
6) ചലന വൈകല്യങ്ങൾ (locomotor disability)
7) ബുദ്ധി മാന്ദ്യം (Mental retardation)
8) മാനസിക രോഗം ( Mental illness)

വൈകല്യങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രമിക്കുക എന്നത് വളരെ പ്രാധാന്യമർഹിക്കുന്ന കാര്യമാണല്ലോ. ഈ നിയമത്തിൽ ആയതിനു വേണ്ട ചില നടപടികളെക്കുറിച്ച് പറയുന്നുണ്ട്. അതത് സർക്കാരുകളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും അവരുടെ വിഭവശേഷിക്കനുസരിച്ച് വൈകല്യങ്ങൾ ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെ സർവ്വെകൾ നടത്തുക, അന്വേഷണവും പരീക്ഷണവും നടത്തി വൈകല്യങ്ങളുടെ കാരണം കണ്ടെത്തുക, വൈകല്യങ്ങൾ തടയാനുള്ള വിവിധ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുക, അമ്മയ്ക്കും കുഞ്ഞിനും വേണ്ട സംരക്ഷണം നൽകുക എന്നിങ്ങനെ നിരവധി പ്രവർത്തനങ്ങളിൽ ഏർപ്പെടണമെന്ന് പറയുന്നുണ്ട്. വിദ്യാഭ്യാസ മേഖലയിലും വൈകല്യങ്ങളുള്ളവർക്ക് വേണ്ടി ചില പ്രത്യേക സംരക്ഷണം ഈ നിയമം ഉറപ്പാക്കുന്നുണ്ട്. 18 വയസ്സിനു താഴെയുള്ള എല്ലാ വൈകല്യമുള്ള കുട്ടികൾക്കും സൗജന്യ വിദ്യാഭ്യാസം നല്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. സാധ്യമാകുന്നിടത്തോളം ഇവരെ പൊതുധാരാ വിദ്യാഭ്യാസത്തിൽ കൊണ്ടുവരേണ്ടതാണ്.

വൈകല്യങ്ങൾ ഉള്ളവർക്കായുള്ള പ്രത്യേക സ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് പ്രത്യേക ശ്രദ്ധ നല്കണമെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. അഞ്ചാം ക്ലാസ്സ് മുഴുവനാക്കിയ വൈകല്യങ്ങളുള്ളവരെ തുടർവിദ്യാഭ്യാസത്തിന് സഹായിക്കാനും 16 വയസ്സിനു മുകളിലുള്ള കുട്ടികൾക്ക് Part-time ക്ലാസ്സുകൾ നല്കി സാക്ഷരത ഉണ്ടാക്കുവാനും വികലാംഗരായ കുട്ടികൾക്ക് പ്രത്യേക പുസ്തകങ്ങളും ഉപകരണങ്ങളും നൽകി അവരുടെ വിദ്യാഭ്യാസത്തിന് സഹായിക്കുന്നതിനും വേണ്ടി പദ്ധതികൾ ആവിഷ്ക്കരിക്കണമെന്നും അതത് സർക്കാരിനോടും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോടും നിർദ്ദേശിക്കുന്നുണ്ട്. വൈകല്യങ്ങളുള്ളവരുടെ യാത്രാസൗകര്യം സൗജന്യപുസ്തകം എന്നിവയൊക്കെ സംബന്ധിച്ച് ഒരു സമഗ്ര വിദ്യാഭ്യാസ പദ്ധതി ഉണ്ടാക്കണമെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. മാതാപിതാക്കൾക്ക് കുട്ടികളെ സ്ക്കൂളിൽ വിടുന്നതിനുള്ള പ്രചോദനം, വിദ്യാഭ്യാസസ്ഥാപനത്തിൽ വികലാംഗരുടെ പോക്കുവരവിന് തടസ്സമുണ്ടാക്കുന്ന ഭാഗങ്ങൾ അനുയോജ്യമായ രീതിയിൽ മാറ്റി സ്ഥാപിക്കുന്നത്, പരാതി പരിഹാര സംവിധാനം, യുക്തമായ പരീക്ഷാ സംവിധാനം എന്നിവ അടങ്ങുന്നവതാണ് മേൽപറഞ്ഞ പദ്ധതി. കാഴ്ചത്തകരാറുള്ള വിദ്യാർത്ഥികൾക്ക് വേണ്ട സാമഗ്രികൾ അതത് വിദ്യാഭ്യാസ സ്ഥാപനം നൽകണമെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്.

വൈകല്യങ്ങളുള്ളവർക്ക് അനുയോജ്യമായ ഉദ്യോഗ ഒഴിവുകൾ കണ്ടെത്തണമെന്നും ആയവ സംവരണം ചെയ്യണമെന്നും സർക്കാരിനോട് ആവശ്യപ്പെടുന്നുണ്ട്. 3 വർഷത്തിൽ കവിയാത്ത കാലയളവിൽ ഇത്തരത്തിലുള്ള ലിസ്റ്റ്, കാലകാലങ്ങളിൽ വരുന്ന സാങ്കേതിക

പുരോഗതി കണക്കിലെടുത്ത് ഭേദഗതി ചെയ്യ ണമെന്ന് പറയുന്നുണ്ട്. സ്ഥാപനങ്ങളിൽ 3 ശതമാനം തൊഴിൽ അവസരങ്ങൾ വൈകല്യങ്ങൾ ഉള്ളവർക്കായി സംവരണം ചെയ്യണം. ഇപ്രകാരമുള്ള സംവരണ തസ്തിക നികത്താനായില്ലെങ്കിൽ അവ അടുത്ത വർഷത്തേക്ക് വകയിരുത്തേണ്ടതാണ്. അത് പോലെ ഈ നിയമത്തിന്റെ 34-ാം വകുപ്പ് പ്രകാരം സർക്കാരുകൾക്ക് നോട്ടിഫിക്കേഷൻ പ്രകാരം പ്രത്യേക എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കാവുന്നതും തൊഴിലുടമയിൽ നിന്ന് വേണ്ട വിവരങ്ങൾ ആവശ്യപെടാവുന്നതുമാണ്. കൂടാതെ ഉയർന്ന പ്രായപരിധിയിൽ ഇളവുകൾ നല്കാനും പരിശീലനം നൽകാനുള്ള സ്കീമുകൾക്കും, സർക്കാരിന്റെ ദാരിദ്ര്യ നിർമ്മാർജന പദ്ധതികളിൽ 3 ശതമാനത്തിൽ കുറയാത്ത അവസരങ്ങൾ നൽകാനും മറ്റും അതത് സർക്കാരുകളും തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളും നോട്ടിഫിക്കേഷൻ പ്രകാരം പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

എല്ലാ സർക്കാർ വിദ്യാഭ്യാസസ്ഥാപനങ്ങളും സർക്കാരിൽ നിന്ന് സാമ്പത്തിക സഹായം സ്വീകരിക്കുന്ന മറ്റു വിദ്യാഭ്യാസ സ്ഥാപനങ്ങളും 3% സീറ്റുകൾ വൈകല്യങ്ങളുള്ളവർക്ക് നല്കേണ്ടതാണ്.

അതത് സർക്കാരുകൾ നോട്ടിഫിക്കേഷൻ പ്രകാരം വികലാംഗർക്ക് സഹായം നല്കുന്നതിനും ഉപകരണങ്ങൾ നല്കുന്നതിനും വേണ്ട പദ്ധതികൾ ആവിഷ്കരിക്കണമെന്ന് ഈ നിയമത്തിന്റെ 42-ാം വകുപ്പ് പറുന്നുണ്ട്. അതുപോലെ തന്നെ വീട് ഉണ്ടാക്കാനും, വ്യാപാരം തുടങ്ങാനും പ്രത്യേക സ്കൂളുകൾ സ്ഥാപിക്കാനും, പരീക്ഷണകേന്ദ്രങ്ങൾ സ്ഥാപിക്കാനും, ഫാക്ടറികൾ തുടങ്ങുവാനും മറ്റും പ്രത്യേകാനുകൂല്യം നല്കി ഭൂമി നല്കുന്നത് സംബന്ധിച്ച പദ്ധതി ആവിഷ്കരിക്കുന്നതിനെക്കുറിച്ച് പറയുന്നുണ്ട്. വൈകല്യങ്ങളുള്ളവരുടെ സഹായത്തിനായി വീൽ ചെയർ ഉപയോഗിക്കുന്നവർക്ക് സൗകര്യപ്രദമായ കുളിമുറി, കക്കൂസ് എന്നിവ ട്രെയിനിലും, കപ്പലിലും, വിമാനത്തിലും മറ്റും സർക്കാരിന്റെ വിഭവിശേഷിക്കനുസൃതമായി ഉണ്ടാക്കണമെന്നും. അന്ധരായ ആളുകളുടെ സൗകര്യത്തിന് ശബ്ദസിഗ്നലുകൾ, റോഡ്മുറിച്ച് കടക്കുന്നിടത്ത് പരുപരുത്ത പ്രതലം, ramps (ചെരുവുകൾ), braile symbols എന്നിവ ആശുപത്രികളിലും, പ്രാഥമികാരോഗ്യകേന്ദ്രം, മെഡിക്കൽ കെയർ & പുനരധിവാസ സ്ഥാപനങ്ങൾ എന്നിവയിലും ഉണ്ടാക്കണമെന്നും പറയുന്നുണ്ട്. സർക്കാർ ജോലിയിലിരിക്കുമ്പോൾ വൈകല്യം സംഭവിച്ചതിന്റെ പേരിൽ ജോലി സ്ഥാനത്ത്നിന്ന് നീക്കം ചെയ്യുകയോ താഴ്ന്ന ജോലി നൽകുകയോ ചെയ്യാൻ പാടില്ല. എന്നാൽ തുല്യശമ്പളവും ആനുകൂല്യങ്ങളും ഉള്ള യോജിച്ച മറ്റൊരു ജോലി നൽകാവുന്നതാണ്. വൈകല്യത്തിന്റെ പേരിൽ പ്രൊമോഷൻ നിഷേധിക്കാൻ പാടില്ല.

അതത് സർക്കാരുകൾ വൈകല്യങ്ങൾ തടയാനും, വൈകല്യമുള്ളവരുടെ പുനരധിവാസത്തിനും, തൊഴിൽ കണ്ടെത്തുന്നതിനും ഒക്കെയുള്ള പരീക്ഷണങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതും അതിന് സാമ്പത്തിക സഹായം ചെയ്യേണ്ടതുമാണ്. അത്പോലെ തന്നെ സർവ്വകലാശാലകൾക്കും, ഉന്നതവിദ്യാഭ്യാസസ്ഥാപനങ്ങൾക്കും ഈ മേഖലയിലുള്ള റിസർച്ചിന് വേണ്ട സാമ്പത്തിക സഹായം ചെയ്യണമെന്നും സർക്കാരുകളോട് ആവശ്യപ്പെടുന്നുണ്ട്.

സംസ്ഥാന സർക്കാർ നിയോഗിക്കുന്ന അധികാരിയിൽനിന്ന് സർട്ടിഫിക്കേറ്റ് ഓഫ് റജിസ്ട്രേഷൻ വാങ്ങിക്കൊണ്ട് മാത്രമേ വികലാംഗർക്ക് വേണ്ടിയുള്ള സ്ഥാപനം നടത്താൻ പറ്റുകയുള്ളൂ. ശരിയായ നടത്തിപ്പ് ഉറപ്പ് വരുത്താനുള്ള അധികാരം ബന്ധപ്പെട്ട അധികാരികൾക്കുണ്ട്.

വൈകല്യമുള്ളവരുടെ അവകാശങ്ങളും സൗകര്യങ്ങളും ഉറപ്പ് വരുത്താൻ അധികാരപ്പെടുത്തിയിട്ടുള്ള ആളാണ് ചീഫ് കമ്മീഷണർ. വൈകല്യങ്ങളുള്ളവരുടെ പരാതികൾ യുക്തമായ അധികാരസ്ഥലങ്ങളിൽ ബോധ്യപ്പെടുത്താനുള്ള അധികാരം ചീഫ് കമ്മീഷണർക്കുണ്ട്. കേന്ദ്രഗവർണമെന്റ് വിതരണം ചെയ്യുന്ന തുകകൾ പരിശോധിക്കാനും മറ്റുമുള്ള അധികാരവും ചീഫ് കമ്മീഷണർക്കുണ്ട്. സംസ്ഥാന തലത്തിൽ മേൽപറഞ്ഞ കർത്തവ്യങ്ങൾ നിർവ്വഹിക്കേണ്ട ആളാണ് സംസ്ഥാന കമ്മീഷണർ. കമ്മീഷണർമാർക്ക് സിവിൽ കോടതിയുടെ ചില അധികാരങ്ങൾ നല്കി കൊണ്ട് വികലാംഗരുടെ അവകാശങ്ങളെ സംരക്ഷിക്കാൻ പ്രാപ്തമാക്കിയിട്ടുണ്ട്.

വികലാംഗരെ പുനരദിവസിപ്പിക്കുക എന്നുള്ളത് സർക്കാരിന്റെ വളരെ പ്രധാനമായ ഒരു ദൗത്യമാണ്. സർക്കാരിതര സംഘടനകൾക്ക് സാമ്പത്തിക സഹായം നല്കിയും അവരുമായി കൂടി ആലോചിച്ചും പുനരധിവാസ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കണമെന്ന് ഈ നിയമത്തിൽ പറയുന്നുണ്ട്. തൊഴിലില്ലായ്മ അലവൻസ്, ഇൻഷുറൻസ് പദ്ധതി പോലുള്ള ആനുകൂല്യങ്ങളെക്കുറിച്ചും ഈ നിയമത്തിൽ പറയുന്നുണ്ട്. വികലാംഗർക്ക് ലഭിക്കേണ്ട ആനുകൂല്യം തട്ടിയെടുക്കുകയോ അതിന് ശ്രമിക്കുകയോ ചെയ്താൽ രണ്ട് വർഷം വരെ തടവും ഇരുപതിനായിരം രൂപ വരെ പിഴയും രണ്ടും കൂടിയോ നല്കാമെന്ന് ഈ നിയമത്തിന്റെ 69-ാം വകുപ്പിൽ പറയന്നുണ്ട്.

The Persons with Disabilities (Equal Opportunities, Protection of Rights and full Participation) Rules 1996 ൽ വൈകല്യത്തിന്റെ ശതമാനം കണക്കാക്കുന്നതിന്റെ മാനദണ്ഡങ്ങളും സെൻട്രൽ കോർഡിനേഷൻ കമ്മിറ്റി, സെൻട്രൽ എക്സിക്യൂട്ടിവ് കമ്മിറ്റി, തൊഴിൽ ഒഴിവുകൾ കണക്കുന്ന രീതി എന്നീ വിഷയങ്ങളെ കുറിച്ച് വ്യക്തമാക്കുന്നുണ്ട്. ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സർക്കാരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ആവിഷ്കരിച്ച പദ്ധതികൾ സാമൂഹ്യക്ഷേമവകുപ്പ് വഴി മറ്റും വ്യാപകമായി നടപ്പിലാക്കി വരുന്നുണ്ട്.

മാനസിക രോഗമുള്ളവർ വൈകല്യങ്ങളുള്ളവരുടെ ഗണത്തിൽ പെടുന്നതാണല്ലൊ. സ്വന്തം വസ്തുവഹകൾ കൈകാര്യം ചെയ്യാനുള്ള പ്രാപ്തി പലർക്കും ഉണ്ടാകാറില്ല. അവരുടെ അവകാശങ്ങൾ സംരക്ഷിക്കാനും അവർ ചൂഷണം ചെയ്യപ്പെടാതിരിക്കാനും വേണ്ടി അവരുടെ വസ്തുവഹകൾ ക്രയവിക്രയം ചെയ്യൽ മുതൽ പുനരധിവാസം വരെയുള്ള കാര്യങ്ങളിൽ ജില്ലാ കോടതിക്ക് അധികാരമുണ്ട്.

വികലാംഗരുടെ മനുഷ്യാവകാശങ്ങൾ ഹനിക്കപ്പെടുന്നത് ഇന്ന് സർവ്വസാധാരണമാണ്. ചികിത്സനിഷേധിക്കൽ, അനാരോഗ്യകരമായി സാഹചര്യത്തിൽ പാർപ്പിക്കൽ, സ്വാതന്ത്ര്യം നിഷേധിക്കൽ തുടങ്ങി വൈകല്യങ്ങൾ ഉള്ള രോഗികളിൽ പരീക്ഷണം നടത്തുന്നത്വരെ കാണാവുന്നതാണ്. ബുദ്ധിമാന്ദ്യമുള്ള യുവതികളെ അവരുടെ സമ്മതമോ അറിവോ കൂടാതെ വന്ധീകരണത്തിന് വിധേയമാക്കുന്നതും ഗുരുതരമായ അവകാശ ലംഘനമാണ്. ഇത്തരത്തിലുള്ള മനുഷ്യാ വകാശ ലംഘനങ്ങളെ ഗൗരവമായി കാണേണ്ടുതുണ്ട്. ഏതൊരു വ്യക്തിക്കുമെന്നപോലെ വൈകല്യമുള്ളവർക്കും ആത്മാഭിമാനമുണ്ടെന്നും അവകാശങ്ങൾ ഉണ്ടെന്നും അവ സംരക്ഷിക്കാൻ അവകാശമുണ്ടെന്നും സമൂഹം അംഗീകരിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള നിയമങ്ങൾ മുഴുവനായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് സംശയമാണ്. നിയമം ഉണ്ടായതുകൊണ്ടു മാത്രം അതിന്റെ ലക്ഷ്യങ്ങൾ നേടാൻ സാധിക്കില്ലല്ലൊ. *Law Justice and the Disabled* എന്നതിൽ ഗ്രന്ഥത്തിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ ഇപ്രകാരം ഇങ്ങനെ പറയുന്നു "Law hangs limp if executive action is nil. The court Cannot run the administration but can only give directions. Therefore we want legistations and activist administration if the disabled are to enjoy brighter prospects". ശക്തമായ നിയമങ്ങളും അത് നടപ്പിലാക്കാൻ താത്പര്യമുള്ള ഉദ്യോഗസ്ഥരും, അതിനേക്കാളുപരിയായി വൈകല്യങ്ങളുള്ളവരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നത് കർത്തവ്യമായി കാണുന്ന വ്യക്തികളും ഉണ്ടായാൽ മാത്രമെ വൈകല്യങ്ങളുള്ളവരുടെ മനുഷ്യാവകാശങ്ങൾ സംരക്ഷിക്കാനാവൂ. ■

# ദത്തെടുക്കലിന്റെ നിയമവശങ്ങൾ

## അഡ്വ. ഫരീദ അൻസാരി

**1948**-ലെ മനുഷ്യാവകാശപ്രഖ്യാപനം എല്ലാ അവകാശങ്ങളും എല്ലാവർക്കും പ്രദാനം ചെയ്യുന്നു. സ്വാഭാവികമായും ഇത് കുട്ടികൾക്കും ബാധകമാവും. ലോകത്തിലെ ഏകദേശം എല്ലാ രാജ്യങ്ങളിലും കുട്ടികൾ അപകടകരമായ പ്രതിസന്ധിയിലൂടെയാണ് ബാല്യകാലം തരണം ചെയ്യുന്നത് അത് മുന്നിൽ കണ്ടുകൊണ്ട് 1990 ൽ കുട്ടികളുടെ അവകാശം സുരക്ഷിതമാക്കാനായി ഒരു കൺവഷന് രൂപം നല്കി. ഇന്ത്യ ഈ ഉടമ്പടിയ്ക്ക് അംഗീകാരം നല്കിയിട്ടുണ്ട്. ഈ ഉടമ്പടിയിൽ ഉടനീളം കുടുംബത്തിന്റെ പ്രാധാന്യത്തേയും, കുട്ടികളുടെ ആരോഗ്യകരമായ വളർച്ചയ്ക്കും പൂർണ്ണ വികാസത്തിനും വേണ്ട അവകാശങ്ങളെക്കുറിച്ചും, കുട്ടികളുടെ കടമകളെക്കുറിച്ചും എടുത്തുകാണിക്കുന്നുണ്ട്. അച്ഛനമ്മമാരുടെ സ്നേഹവാത്സലവും ലാളനയും ലഭിക്കാതെ അനാഥാലയങ്ങളിൽ കഴിയേണ്ടി വരുന്ന പിഞ്ചുകുഞ്ഞുങ്ങൾക്ക്, കുടുംബസംരക്ഷണം ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള ഏറ്റവും അനുയോജ്യമായ മാർഗ്ഗമാണ് ദത്തെടുക്കൽ. കുട്ടികളുടെ അവകാശങ്ങളെ അംഗീകരിക്കലാണ് ഒരു അനാഥ ബാലനോ ബാലികയ്ക്കോ ജീവിതം കൊടുക്കുന്നതു വഴി നാം ചെയ്യുന്നത്.

ദത്തെടുക്കലിനു സന്നദ്ധരായി മുന്നോട്ടു വരുന്ന ദമ്പതിമാർക്ക് അതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങളും സഹായങ്ങളും നൽകി നിയമപരമായ ദത്തെടുക്കൽ പ്രോൽസാഹിപ്പിക്കുന്നതിനായി വിവിധ സംസ്ഥാനങ്ങളിൽ വൊളന്ററി കോ-ഓർഡിനേറ്റിങ്ങ് ഏജൻസികൾ രൂപം കൊണ്ടിട്ടുണ്ട്. 1984-ൽ. എൽ.കെ.പാണ്ഡെ Vs യൂണിയൻ ഓഫ് ഇന്ത്യ കേസിലെ സുപ്രീം കോടതി വിധി പ്രകാരമാണ് വൊളന്ററി കോ-ഓർഡിനേറ്റിംങ്ങ് ഏജൻസികൾ സ്ഥാപിതമായിട്ടുള്ളത്. സംസ്ഥാന സാമൂഹ്യക്ഷേമവകുപ്പ് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇന്ത്യൻ കൗൺസിൽ ഓഫ് സോഷ്യൽ വെൽഫയർ ശിശുക്ഷേമസംഘടനകൾ എന്നിവയുമായി സഹകരിച്ചാണ് ഏജൻസികൾ പ്രവർത്തിച്ചു വരുന്നത്.

നമ്മുടെ നാട്ടിൽ ദത്തെടുക്കലിന് സന്നദ്ധരായി ധാരാളം പേർ മുന്നോട്ട് വരുന്നുണ്ടെങ്കിലും നിയമപരമായി എങ്ങിനെ ദത്തെടുക്കാം എന്നതിനെ കുറിച്ച് പലരും അജ്ഞരാണ്. നിയമപരമല്ലാതെ രഹസ്യമായ മാർഗ്ഗങ്ങളിലൂടെ കുട്ടികളെ കൈമാറ്റം ചെയ്യുന്നത് ദത്തെടുക്കുന്നവർക്കും കുട്ടികൾക്കും പലവിധ പ്രശ്നങ്ങൾ സൃഷ്ടിക്കും. സ്വന്തം മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ കുട്ടിയെ തിരികെ നൽകാനുള്ള ബാധ്യത, ദത്തുമാതാപിതാക്കളുടെ സ്വത്തിൽ കുട്ടികൾക്ക് അവകാശമില്ലായ്മ, കുട്ടിയുടെ ആരോഗ്യസ്ഥിതി ഉറപ്പാക്കാൻ കഴിയാതെ വരുന്നതുമൂലമുള്ള പ്രശ്നങ്ങൾ തുടങ്ങി ഇത്തരത്തിലുള്ള അനന്തരഫലങ്ങൾ വളരെയേറെയാണ്. ഇത്തരത്തിൽ കുട്ടികളെ കൈമാറ്റം നടത്തുന്ന സ്ഥാപനങ്ങളും വ്യക്തികളും 1986-ലെ Juvenille Jusitce Act പ്രകാരം ശിക്ഷാർഹരാണ്

കുഞ്ഞിന്റെ സുരക്ഷിതമായ ഭാവി പരമാവധി ഉറപ്പുവരത്തക്ക രീതിയിലുള്ള കുടുംബസാഹചര്യമുള്ള ദമ്പതികളെയാണ് ദത്തെടുക്കലിന് പരിഗണിക്കുന്നത്. ദമ്പതികളുടെ മനോഭാവം, പ്രായം, സാമ്പത്തിക ഭദ്രത, ആരോഗ്യസ്ഥിതി, കുടുംബസാമൂഹിക പശ്ചാത്തലം തുടങ്ങിയ ഘടകങ്ങളും നിർണ്ണായകമാണ്.

കുഞ്ഞിനെ ദത്തെടുക്കാൻ ആഗ്രഹിക്കുന്ന ദമ്പതികൾ ഏതെങ്കിലും വൊളന്ററി കോ-ഓർഡിനേറ്റിംങ്ങ് ഏജൻസിയെ സമീപിച്ച് പേര് രജിസ്റ്റർ ചെയ്യണം. ഒരു കുഞ്ഞിനെ ദത്തെടുക്കുന്നതിന്റെ വിവിധ നടപടി ക്രമങ്ങളിൽ പ്രധാനമേറിയ ഒന്നാണ് ഹോം സ്റ്റഡിറിപ്പോർട്ട് തയ്യാറാക്കൽ. ഏതുസ്ഥാപനത്തിൽ നിന്ന് കുഞ്ഞിനെ സ്വീകരിക്കണമെങ്കിലും ഈ ഹോം സ്റ്റഡി റിപ്പോർട്ട് വളരെ ആവശ്യമാണ്. ദത്തെടുക്കുവാൻ ആഗ്രഹിക്കുന്ന ദമ്പതികളുടെ ഭവനം സന്ദർശിച്ച് അവരെപറ്റിയുള്ള വിവരങ്ങൾ വിശദമായി ശേഖരിച്ചശേഷം തയ്യാറാക്കുന്ന ഒന്നാണിത്. ദത്തെടുക്കലിന്റെ നിയമവശങ്ങൾ, ഭാവിയിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എന്നിവയെക്കുറിച്ചുള്ള സംശയങ്ങളും സങ്കല്പങ്ങളും ചർച്ചചെയ്യുന്നതിനും വിശകലനം നടത്തുന്നതിനുമുള്ള ഒരു വേദികൂടിയായി ഇതിനെ കരുതാം.

Home study report ലഭിക്കുന്നതിനു മുമ്പ് ഒരു സ്ഥാപനവും നിങ്ങൾക്കുവേണ്ടി കുട്ടികളെ നിർദ്ദേശിക്കാനോ നൽകുവാനോ തയ്യാറാവില്ല. വൊളന്ററി കോ-ഓർഡിനേറ്റിങ്ങ് ഏജൻസിയിലെ പ്രൊഫഷണൽ സോഷ്യൽ വർക്കറാണ് ഹോം സ്റ്റഡി റിപ്പോർട്ട് തയ്യാറാക്കുന്നത്.

രണ്ടാമതായി, ദത്തെടുക്കുവാൻ ചില രേഖകൾ അഥവാ സർട്ടിഫിക്കറ്റുകൾ ആവശ്യമാണ്. കുഞ്ഞിനെ അന്വേഷിക്കുന്നതോടൊപ്പം താഴെ പറയുന്ന രേഖകൾ കൂടി തയ്യാറാക്കി വയ്ക്കുന്നത് നല്ലതാണ്.

1) ദമ്പതികളുടെ വരുമാന സർട്ടിഫിക്കറ്റ്
2) മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ്
3) വിവാഹ സർട്ടിഫിക്കറ്റ്
4) വന്ധ്യതാ സർട്ടിഫിക്കറ്റ്
5) ദമ്പതിമാരുടെ ഒരുമിച്ചുള്ള ഫോട്ടോ
6) ബാങ്ക് നിക്ഷേപം, മറ്റ് സ്വത്തുക്കളുടെ വിവരണം
7) ദമ്പതികളെക്കുറിച്ച് അടുത്ത ബന്ധുക്കളോ സുഹൃത്തുക്കളോ നല്കുന്ന സാക്ഷ്യപത്രം.
8) ദമ്പതികളുടെ സത്യവാങ് മൂലം, എന്നീ രേഖകളാണ് വേണ്ടത്.

ഹോം സ്റ്റഡി റിപ്പോർട്ടും, മേൽ പറഞ്ഞ രേഖകളും ശരിയായി കഴിഞ്ഞാൽ പിന്നെ ഏജൻസികൾക്ക് ദമ്പതിമാർക്ക് ഒരു കൗൺസിലിംങ്ങ് കൊടുക്കുവാനായി ക്ഷണിക്കും. അതിനുശേഷമാണ് കുഞ്ഞുങ്ങളെ കാണിച്ചു കൊടുക്കുന്നത്. നിങ്ങൾ ഒരു കുഞ്ഞിനെ നിങ്ങളുടേതായി തീരുമാനിച്ചു കഴിഞ്ഞുവെങ്കിൽ തീർച്ചയായും മെഡിക്കൽ റിപ്പോർട്ട് പരിശോധിക്കണം.

ഇതെല്ലാം കഴിഞ്ഞാൽ പിന്നെ ഒരു വക്കീലിനെ സമീപിച്ച് കുഞ്ഞിനെ കോടതിവഴി നിയമപരമായി ദത്തെടുക്കാവുന്നതാണ്. നിയമപരമായി ദത്തെടുക്കുന്നതിനു മുമ്പ് തന്നെ കുഞ്ഞിനെ നിങ്ങളുടെ താല്ക്കാലിക സംരക്ഷണത്തിൽ ഏൽപിച്ചു തരുവാൻ വ്യവസ്ഥയുണ്ട്. നാൽപത്തഞ്ചുദിവസം മുതൽ മൂന്ന് നാലു മാസം വരെയാണ് ഇങ്ങനെ നൽകുന്നത്. കുഞ്ഞ് നിങ്ങളുടെ കൈകളിൽ എങ്ങിനെ ഇണങ്ങി ചേരുന്നു എന്ന് ശ്രദ്ധിക്കുവാനും മറ്റുമാണ് ഈ ഇടവേള നൽകുന്നത്. ഈ ഇടവേള കഴിയുന്നതോടെ കുഞ്ഞിനെ വളർത്തുവാൻ ദമ്പതികൾ പൂർണ്ണമായും തയ്യാറെടുത്തു കഴിഞ്ഞിരിക്കണം.

എല്ലാവർക്കും ബാധകമായ ഒരു ദത്തെടുക്കൽ നിയമം നമ്മുടെ രാജ്യത്ത് ഇല്ല എന്ന കാര്യം നാം അറിഞ്ഞിരിക്കേണ്ടതാണ്. പലപ്പോഴും മതനിയമങ്ങളാണ് ദത്തെടുക്കലിനെ നിയന്ത്രിച്ചു വരുന്നത്. ഹിന്ദുമതവിഭാഗത്തിന് മാത്രം ബാധകമായ ദത്തെടുക്കൽ നിയമമാണ് 1956-ലെ Hindu Adoption and Maintenance Act. ഈ നിയമമനുസരിച്ച് 15 വയസ്സിൽ താഴെയുള്ള ഒരു കുട്ടിയെ ദത്തെടുക്കുവാൻ കഴിയും. പ്രസ്തുത നിയമമനുസരിച്ച് ഒരു ആൺകുഞ്ഞുണ്ടെങ്കിൽ ഒരു പെൺകുഞ്ഞിനെ മാത്രമെ ദത്തെടുക്കുവാൻ സാധിക്കുകയുള്ളൂ, പെൺകുഞ്ഞുണ്ടെങ്കിൽ നേരെ തിരിച്ചും ഒരു പുരുഷനാണ് ദത്തെടുക്കുന്നതെങ്കിൽ, ദത്തെടുക്കുന്ന വ്യക്തിക്ക് (അച്ഛന്) പുത്രിയെക്കാൾ 21 വയസ്സെങ്കിലും കൂടുതൽ പ്രായമുണ്ടായിരിക്കണം.

ഒരു സ്ത്രീ ആൺകുട്ടിയെയാണ് ദത്തെടുക്കുന്നതെങ്കിൽ ആ അമ്മയ്ക്ക് ദത്ത്പുത്രനേക്കാൾ 21 വയസ്സ് കൂടുതൽ പ്രായമുണ്ടായിരിക്കണമെന്നും നിയമം നിഷ്കർഷിക്കുന്നുണ്ട്. ഹിന്ദു ദത്തെടുക്കൽ നിയമപ്രകാരം ദത്തെടുക്കപ്പെട്ട കുഞ്ഞിനെ ജന്മനാ (biologically born child) ഒരു കുഞ്ഞിനു ലഭിക്കുന്ന സ്വത്തവകാശം തുടങ്ങി എല്ലാ ആനുകൂല്യങ്ങളും നിയമപരമായി അർഹതപ്പെട്ടതാണ്. മാത്രമല്ല ഈ നിയമപ്രകാരം ഒരു കുഞ്ഞിനെ ദത്തെടുക്കണമെങ്കിൽ പുരുഷന് ഭാര്യയുടെ രേഖാമൂലമുള്ള സമ്മതം ആവശ്യമാണ്.

മറ്റ് മതവിശ്വാസികൾക്ക് 1890-ലെ Guardians and Wards Act പ്രകാരം രക്ഷിതാക്കൾ (guardians) ആകുവാനുള്ള നിയമ വ്യവസ്ഥ മാത്രമേ നിലവിലുള്ളൂ. ഇതു പ്രകാരം പതിനെട്ടു വയസുവരെ മാത്രമാണ് ഒരു കുഞ്ഞിന്റെ സംരക്ഷകൻ എന്ന നിലയിൽ രക്ഷകർത്താവിന് നിയമപരമായി സ്ഥാനമുള്ളൂ. എന്നാൽ അതിലുപരി കുഞ്ഞിനെ സംബന്ധിച്ച് മാതാപിതാക്കൾ എന്ന നിലയിലും, മറിച്ചും ഒരു ബന്ധം നിലനിൽക്കുന്നതിന് നിയമം ഒരിക്കലും തടസ്സം നിൽക്കുന്നില്ല. നിയമത്തിന്റെ ദൃഷ്ടിയിൽ മാത്രം അവർ മാതാപിതാക്കളാകുന്നില്ല. തങ്ങൾക്കുള്ള സ്വത്തുക്കൾ കുഞ്ഞിന്റെ പേരിൽ വിൽപ്പത്രം തയ്യാറാക്കി പിൻതുടർച്ചാവകാശം ഉറപ്പുവരുത്തേണ്ടത് ദത്തെടുക്കുന്ന മാതാപിതാക്കളുടെ കടമയാണ്. സ്ഥാവരജംഗമ വസ്തുക്കളിൽ അവകാശമുന്നയിക്കുവാൻ ദത്തെടുക്കുന്ന കുട്ടിക്ക് കഴിഞ്ഞുവെന്നുവരില്ല. എങ്കിലും കുട്ടിയുടെ പേരിൽ നിക്ഷേപിക്കുന്ന സ്വത്തിന്/ അവൾക്ക് അവകാശിയാകുവാൻ പറ്റും.

ഹിന്ദു ദത്തെടുക്കൽ നിയമപ്രകാരം കുഞ്ഞിനെ ദത്തെടുക്കുന്നതിന് നേരിട്ട് ജില്ലാ കോടതിയിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഈ അപേക്ഷ ലഭിച്ചാൽ കോടതിയ്ക്ക് ദത്തെടുക്കുന്നത് സംബന്ധിച്ച് പത്രപരസ്യം നല്കാൻ അപേക്ഷകരോട് ആവശ്യപ്പെടാം. ഈ പത്രപരസ്യം പൊതുജനങ്ങൾ കാണുന്ന രീതിയിൽ പതിക്കണം. ആർക്കെങ്കിലും എതിരഭിപ്രായമുണ്ടെങ്കിൽ അറിയിക്കാനോ, കുഞ്ഞിന്റെ അവകാശവാദം ഉന്നയിക്കാനോ ഈ അവസരം വേദിയൊരുക്കുന്നു. ആരെങ്കിലും അവകാശം ഉന്നയിച്ച് മുന്നോട്ടു വരുകയാണെങ്കിൽ അത് തെളിക്കേണ്ടതായി വരും. മറ്റു തർക്കങ്ങളൊന്നും ഇല്ല എങ്കിൽ മേൽ പറഞ്ഞ രേഖകളുടെ അടിസ്ഥാനത്തിൽ കുഞ്ഞിനെ ദത്തു നൽകിയതായി കോടതി ഉത്തരവിടും. ഇത്തരത്തിലുള്ള ദത്തെടുക്കൽ ഉടമ്പടി (Adoption deed) റജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ മറ്റു മതസ്ഥർക്ക് കുഞ്ഞിന്റെ രക്ഷകർത്താവാകുന്നതിന് കുടുംബകോതിയിലാണ് അപേക്ഷ നല്കേണ്ടത്. ഈ അപേക്ഷ നൽകുമ്പോൾ ഇൻവെസ്റ്റ്മെന്റ് പ്ലാനിനെക്കുറിച്ചും മറ്റും വ്യക്തമായ രൂപരേഖ നൽകേണ്ടതുണ്ട്.

അനാഥരായ കുഞ്ഞുങ്ങൾക്ക് സ്നേഹവും ലാളനയും ഒപ്പം സ്ഥിരമായ ആശ്രയവും നൽകി നല്ല ഒരു കുടുംബജീവിതം പ്രധാനം ചെയ്യുന്നവർ യഥാർത്ഥ മതാപിതാക്കളേക്കാൾ പ്രശംസയർഹിക്കുന്നവരാണ്. ഒരു റോസാച്ചെടിയിൽ മറ്റൊരു റോസിന്റെ ശിഖരം ഒട്ടിച്ചുവെയ്ക്കുന്നതുപോലെയാണ് ദത്തെടുക്കൽ. മെച്ചപ്പെട്ട സുന്ദരമായ പുഷ്പങ്ങളാണ് അതിൽ വിരിയുന്നത്. ആ പുഷ്പങ്ങളിൽ പരക്കുന്ന സൗരഭ്യം മനുഷ്യസ്നേഹത്തിന്റെ ഉദാത്തമായ ഒരു മാതൃക സന്ദേശമാണ് ജീവിതത്തിൽ പകർത്തുന്നത്. അതുകൊണ്ട് അനാഥരായ കുട്ടികളുടെ സംരക്ഷണം പരമാവധി ഉറപ്പാക്കുന്ന ഒരു കുടുംബാധിഷ്ഠിത പുനരധിവാസ മാർഗ്ഗമായി ദത്തെടുക്കലിനെ മാറ്റേണ്ടത് നമ്മുടെ സാമൂഹ്യധർമ്മമല്ലൊ. ■

തസ്ലീമ നസ്റീന്റെ 'ദ്വിഖാന്തിക' എന്ന ആത്മകഥാംശമുള്ള പുസ്തകത്തിൽ 'കമ്യൂണിസ്റ്റ് ബംഗാൾ' വിലക്കേർപ്പെടുത്തി. പുസ്തകത്തിലെ ചില പരാമർശങ്ങൾ മത സൗഹാർദ്ദത്തിന് കോട്ടം വരുത്തും എന്ന വിശ്വാസത്തിലാണ് ബംഗാൾ സർക്കാർ മൂവ്വായിരത്തോളം പുസ്തകങ്ങൾ കണ്ടുകെട്ടിയത്. കൽകത്ത ഹൈക്കോടതിയിൽ സമർപ്പിച്ച മാനനഷ്ടഹർജിയോടനുബന്ധിച്ച് ഈ പുസ്തകത്തിന് രണ്ടാഴ്ച വിൽപ്പന വിലക്കേർപ്പെടുത്തി നവംബർ 18 ന് ഒരു ഉത്തരവുണ്ടായിരുന്നു. ഇന്ത്യൻ ശിക്ഷാ നിയമത്തിന്റെ 153A വകുപ്പിന്റെ പരിധിയിൽ ഈ പുസ്തകത്തിലെ ചില ഭാഗങ്ങൾ ഉൾപ്പെടുമെന്ന് ആരോപിച്ച്, ക്രിമിനൽ നടപടി നിയമത്തിലെ 95-ാം വകുപ്പ് പ്രകാരം പുസ്തകം നിരോധിക്കുകയാണ് സർക്കാർ ചെയ്തത്. നിരോധനം ആവശ്യപ്പെട്ട് സർക്കാരിന് ലഭിച്ച ഒരു അപേക്ഷ/ പരാതിയിൻമേലാണ് ഈ നടപടി എന്നറിയുന്നു. ആവിഷ്കാര സ്വാതന്ത്ര്യം സ്വതന്ത്രചിന്തയുടെ ഭാഗമാകുമ്പോൾ കെട്ടപ്പെട്ട മനസ്സുകൾക്ക് ഉൾകൊള്ളാൻ സാധിയ്ക്കായ്ക സ്വാഭാവികം മാത്രം. സ്വാതന്ത്ര്യത്തിലേയ്ക്ക് ഉയർത്തപ്പെട്ട മനുഷ്യമനസ്സിനെക്കുറിച്ച് പാടിയ ടാഗോറിന്റെ വംഗനാട്ടിൽ ഇന്ന് സ്വാതന്ത്ര്യത്തിന് മതവിലക്കുകൾ! ■

**കൽക്കത്തയിൽ നിന്ന് ജാസ്മിൻ ജോസഫ്**

## ജനനീതിയുടെ പരാതിയിൽ ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ അടിയന്തിര നടപടി

ഹരിയാനയിൽ റോക് ജില്ലയിൽ ബൈൻസിഗ്രാമത്തിൽ ദളിതസ്ത്രീ ക്രൂരമായി പീഡിപ്പിക്കപ്പെട്ട വാർത്ത ദീപിക ഗ്ലോബൽ ഉദ്ധരിച്ചുകൊണ്ട് 10.11.03 ന് ജനനീതി ഫാക്സ് വഴി ദേശീയ മനുഷ്യാവകാശകമ്മീഷനിൽ പരാതി സമർപ്പിച്ചിരുന്നു. ജനനീതിയ്ക്ക് വേണ്ടി അഡ്വക്കറ്റ് പി.പി.വിനീത് സമർപ്പിച്ച പരാതി കമ്മീഷൻ അടിയന്തിരമായി പരിഗണിക്കുകയും നാലാഴ്ചക്കുള്ളിൽ റിപ്പോർട്ടുകൾ സമർപ്പിക്കാൻനിർദ്ദേശിച്ചുകൊണ്ട് ജില്ലാ മജിസ്ട്രേട്ടിനും പോലീസ് മേധാവിക്കും കമ്മീഷൻ നോട്ടീസയയ്ക്കുകയും ചെയ്തതായി കമ്മീഷൻ ജനനീതിയെ അറിയിച്ചു. നിശ്ചിതസമയത്തിനകം റിപ്പോർട്ട് നല്കിയില്ലെങ്കിൽ, കമ്മീഷൻ സ്വമേധയാ നടപടികൾ സ്വീകരിക്കുന്നതാണെന്നും നോട്ടീസിൽ വ്യക്തമാക്കിയിരുന്നു.

ജാകരൂപി എന്ന ദളിത സ്ത്രീയും അവളുടെ കൊച്ചുമകൻ ആസാദ് സിംഗുമാണ് ഗ്രാമവാസികളായ അഞ്ചുപുരുഷന്മാരാൽ പീഢിപ്പിക്കപ്പെട്ടത്. പ്രതികളിലൊരാളിന്റെ മകളും രണ്ടുകുട്ടികളുടെ അമ്മയുമായ നൻഡിയോടൊപ്പം ജാകരൂപിയുടെ കൗമാരത്തിലെത്തിയ മകൻ ജയ്ഹിന്ദ് ഒളിച്ചോടിയെന്നതാണ് കാരണമായിപറയപ്പെടുന്നത്. അമ്മയെയും മകനെയും പ്രതികൾ വീട്ടിൽ നിന്നും ബലമായി പിടിച്ചുകൊണ്ട് പോയി പ്രതികളിലൊരാളിന്റെ വീട്ടിൽ തടവിൽ പാർപ്പിച്ചുകൊണ്ടാണ് പീഢനം നടത്തിയത്. രണ്ടുപേരെയും അടിച്ചും ചവുട്ടിയും ക്രൂരമായി പീഢിപ്പിച്ചശേഷം മകന്റെ മുമ്പാകെ അമ്മയെ നഗ്നയാക്കി തെരുവിൽ നടത്തുകയും ചെയ്തുവത്രെ. ■

# ആധുനിക ചികിത്സാരീതികൾ പെൺഭ്രൂണഹത്യയ്ക്ക് വഴിവെക്കുന്നുവോ?

## സുപ്രീം കോടതി നിർദ്ദേശങ്ങൾ

**അഡ്വ. സിനി സജി**

ഇന്ത്യൻ സമൂഹത്തിൽ പെൺകുട്ടികളോടുള്ള വിവേചനം ഇപ്പോഴും നിലനിൽക്കുന്നുവെന്നത് ഒരു അംഗീകരിക്കപ്പെട്ട വസ്തുതയാണ്. അനിയന്ത്രിതമായ സ്ത്രീധന സമ്പ്രദായം, ജനങ്ങളുടെ മനോഭാവം, അജ്ഞത, സ്ത്രീകളെ വീട്ടുജോലികൾക്കായി മാത്രം ഒതുക്കുന്ന കാലങ്ങളായുള്ള പ്രവണത തുടങ്ങിയവ ഇത്തരം വിവേചനങ്ങൾ നിലനിൽക്കുന്നതിനുള്ള ചില കാരണങ്ങൾ മാത്രമാണ്. ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയം ഇത്തരം വിവേചനത്തിന് സഹായകമായിരിക്കുകയാണ്. പെൺകുഞ്ഞുങ്ങളോടുള്ള ഇത്തരം വിവേചനങ്ങൾക്കെതിരെ പലരും പ്രതികരിക്കാറുണ്ടെങ്കിലും ആൺ-പെൺകുഞ്ഞുങ്ങളെ ഒരു പോലെ സ്വീകരിക്കുക എന്നുള്ള മനോഭാവം പലരിലും ഉണ്ടാക്കിയെടുക്കാൻ ഇനിയും സാധിച്ചിട്ടില്ല.

ചികിത്സാരംഗത്തെ നൂതന പുരോഗതികൾ ഭ്രൂണഹത്യയ്ക്കായി ഉപയോഗിക്കുന്ന പ്രവണത സമൂഹത്തിൽ ആൺ-പെൺ അനുപാതത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നുണ്ട്. 2001 സെൻസസ് പ്രകാരം പഞ്ചാബ്, ഹരിയാന, മഹാരാഷ്ട്ര, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ 6 വയസുവരെയുള്ള കുട്ടികളിൽ പെൺകുട്ടികളുടെ എണ്ണം ആൺകുട്ടികളേക്കാൾ വളരെ കുറഞ്ഞതായി കണ്ടത് തന്നെ ശാസ്ത്രപുരോഗതിയെ പെൺഭ്രൂണഹത്യയ്ക്കായി ദുരുപയോഗം ചെയ്യുന്നതിനുള്ള തെളിവാണ്.

നിർഭാഗ്യകരമെന്നുപറയട്ടെ, ഇത്തരം പ്രവണതകൾ നിരോധിക്കുന്നതിനായുള്ള നിയമങ്ങൾ നടപ്പിൽ വരുത്തുന്നതിൽ സർക്കാർ പരാജയപ്പെട്ടതിനാൽ "The Pre Conception and Pre-natal Diagnostic Technique (Prohition of Sex Selection) Act" (PNDT) നടപ്പിൽ വരുത്തുവാൻ സർക്കാരിതര സംഘടനകളും സ്ഥാപനങ്ങളും കോടതിയെ സമീപിക്കേണ്ടതായ സ്ഥിതിവിശേഷമാണ് നിലവിലുള്ളത്.

ഭ്രൂണലിംഗ നിർണ്ണയരീതികൾ PNDT Act ന് എതിരാണെന്നും അതുകൊണ്ട് കേന്ദ്രഗവൺമെന്റിനും സംസ്ഥാന ഗവൺമെന്റുകൾക്കും PNDT Act ലെ വ്യവസ്ഥകൾ നടപ്പിൽ വരുത്തുന്നതിനായി സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും ഉപദേശകസമിതികൾ രൂപീകരിക്കുക PNDT Actൽ പറഞ്ഞപ്രകാരം ഒരു സെൻട്രൽ സൂപ്പർവൈസറി ബോർഡ് രൂപീകരിച്ച് ആറുമാസത്തിലൊരിക്കൽ വീതം യോഗം ചേരുക, ഭ്രൂണനിർണ്ണയ പരിശോധനകളുടെ പരസ്യങ്ങൾ നിരോധിക്കുക എന്നീ ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് Centre for Enquiry into Health and Allied Themes (CEHAT) എന്ന സംഘടന സുപ്രീം കോടതിയിൽ പരാതി നൽകിയിരുന്നു.

പെൺഭ്രൂണഹത്യ എന്നത് നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന നിർഭാഗ്യകരമായ ഒരു സംഗതിയാണ്. പെൺകുട്ടികളുടെ വിവാഹസമയത്ത് രക്ഷിതാക്കൾ നേരിടേണ്ടിവരുന്ന സ്ത്രീധനപ്രശ്നങ്ങളാണ് ഇത്തരം ക്രൂരകൃത്യങ്ങൾക്ക് രക്ഷിതാക്കളെ പ്രേരിപ്പിക്കുന്നത്. ഈ അവസ്ഥ ഇല്ലാതാക്കുന്നതിനാണ് 1996 ജനുവരി 1-ാം തിയ്യതി PNDT Act നിലവിൽ വന്നത്. ഈ നിയമത്തിന്റെ അവതാരികയിൽ തന്നെ നിയമത്തിന്റെ മുഖ്യ ഉദ്ദേശം ആധുനിക രീതിയിലുള്ള ഭ്രൂണലിംഗനിർണ്ണയം പെൺഭ്രൂണഹത്യയ്ക്കായി ഉപയോഗിക്കുന്നത് തടയുക എന്നതാണെന്ന് വ്യക്തമായി പറഞ്ഞിട്ടുണ്ട്. ഈ നിയമത്തിന്റെ 7-ാം വകുപ്പുപ്രകാരം പ്രമുഖ ഡോക്ടർമാരും ശാസ്ത്രജ്ഞരും, സ്ത്രീകളുടെ ക്ഷേമത്തിനായുള്ള സംഘടനകളുടെ പ്രതിനിധികളും അടങ്ങുന്ന ഒരു സെൻട്രൽ സൂപ്പർവൈസറി ബോർഡ് (CSB) രൂപീകരിക്കണമെന്നും ആധുനികരീതിയിലുള്ള ഭ്രൂണലിംഗനിർണ്ണയരീതികൾ പെൺഭ്രൂണഹത്യയ്ക്കായി ഉപയോഗിക്കുന്നതിനെതിരെ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ജനങ്ങളെ ബോധവൽക്കരിക്കണമെന്നും കേന്ദ്രഗവൺമെന്റിന് നിർദ്ദേശം നല്കിയിട്ടുണ്ട്. അതുപോലെതന്നെ സംസ്ഥാന ഗവൺമെന്റുകളും കേന്ദ്രഭരണപ്രദേശങ്ങളും സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഉപദേശകസമിതികൾ രൂപീകരിച്ച് ഈ നിയമത്തെ കുറിച്ച് പൊതുജനങ്ങളെ ബോധവൽക്കരിക്കണമെന്നും അതിനെക്കുറിച്ചുള്ള റിപ്പോർട്ട് സെൻട്രൽ സൂപ്പർവൈസറി ബോർഡിന് സമർപ്പിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. ഇത്തരം നിർദ്ദേശങ്ങൾക്കുപുറമെ PNDT Act സുഗമമായ നടപ്പിൽ വരുത്തുന്നതിനുവേണ്ടി മറ്റുചില നിർദ്ദേശങ്ങൾക്കൂടി സുപ്രീം കോടതി മുന്നോട്ട് വെച്ചിട്ടുണ്ട്.

a. ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായുള്ള പരസ്യങ്ങൾ ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെ ജനങ്ങളിലേക്കെത്തിക്കുക.

b. സെൻട്രൽ സൂപ്പർവൈസറി ബോർഡിന്റെ റിപ്പോർട്ടുകൾ ജനങ്ങളെ ബോധവൽക്കരിക്കുന്നതിനുവേണ്ടി പ്രസിദ്ധീകരിക്കുക.

c. ഉപദേശകസമിതിയുടെ യോഗങ്ങളുടെ രേഖകൾ സൂക്ഷിക്കുക.

d. PNDT Act സുഗമമായി നടപ്പിൽ വരുത്തുന്നതുവരെ സെൻട്രൽ ഗവൺമെന്റ് രൂപീകരിച്ച മോണിട്ടറിങ്ങ് ആന്റ് ഇൻസ്പെക്ഷൻ കമ്മിറ്റി പരിശോധനകൾ നടത്തുക

e. ഈ നിയമപ്രകാരം രൂപീകരിച്ച കമ്മിറ്റികളുടെ രേഖകൾ കാണുവാനും മനസിലാക്കുവാനുമുള്ള അധികാരം ജനങ്ങൾക്ക് നല്കുക.

f. ഡൽഹി, ഹിമാചൽ പ്രദേശ്, തമിഴ്നാട്, ത്രിപുര, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ കൂടി സ്റ്റേറ്റ് സൂപ്പർവൈസറി ബോർഡ് നിലവിൽ വരുത്തുക.

g. ജാർക്കണ്ട്, മഹാരാഷ്ട്ര, ത്രിപുര, തമിഴ്നാട്, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ അതോറിറ്റികൾ (Multimember Appropriate Athority രൂപീകരിക്കുക.

ചികിത്സാരംഗത്തെ നൂതന പുരോഗതികൾ ആധുനിക രീതിയിലുള്ള ഭ്രൂണലിംഗ നിർണ്ണയം സഹായകരമാക്കിയത് പെൺഭ്രൂണഹത്യയ്ക്ക് വഴിവെക്കുന്നു എന്നുള്ളതും അതിനെതിരായ നിയമങ്ങളെ കാറ്റിൽ പറത്തിയാണ് ഇത്തരം ഏജൻസികൾ പ്രവർത്തിക്കുന്നത് എന്നതും സമൂഹത്തിൽ ഗുരുതരമായ പ്രത്യാഘാതങ്ങൾക്ക് വഴി വെക്കുന്നു. ഇത്തരം പ്രവണതകൾക്കെതിരായി (AIR 2003 SC 3309) Centre for Enquiry into Health and Allied Themes (CEHAT) and other Vs Union of India & Others എന്ന കേസിൽ സുപ്രീം കോടതി പുറപ്പെടുവിച്ച സുപ്രധാനമായ വിധിന്യായം സമൂഹത്തെ ഗ്രസിച്ചിരിക്കുന്ന പെൺഭ്രൂണഹത്യ എന്ന മാരകവിപത്തിനെ തടയാൻ സഹായിക്കുമെന്ന് പ്രതീക്ഷിക്കാം. ■

ഒരു അനുഭവകുറിപ്പ്

# 'നീർ' ത്തടാധിഷ്ഠിതം

## നവീനചന്ദ്രൻ

പണ്ട് നമ്മുടെ നാട്ടിൽ ഒരുപാട് ചിറകളുണ്ടായിരുന്നു. ഈ ചിറകളിലൊക്ക തുലാവർഷ ജലം സംഭരിച്ച് നെൽകൃഷിയും മറ്റുവിവിധ കൃഷികളും ചെയ്താണ് നമ്മുടെ പൂർവ്വികർ സ്വാശ്രയ ജീവിതം നയിച്ചിരുന്നത്. ഈ വെള്ളമുപയോഗിച്ച് വേനൽകാലത്തും കൃഷിചെയ്തിരുന്നതിനാൽ കുടിവെള്ളമെന്നപ്രശ്നം ഉണ്ടായിരുന്നേയില്ല. കന്നുകാലിവളർത്തലും കോഴിവലർത്തലും മറ്റൊരു വരുമാനമാർഗ്ഗമായിരുന്നു. നാടൻ മത്സ്യം പിടിച്ച് ചന്തയിൽ കൊണ്ടുവിറ്റിരുന്നു. ഇതൊക്കെയാണെങ്കിലും ജന്മിത്വം നിലനിന്നിരുന്നതിനാൽ അന്ന് പട്ടിണിക്ക് പഞ്ഞമുണ്ടായിരുന്നില്ല. കുടിയാന്മാർ ഉൽപാദിപ്പിക്കുന്ന കാർഷികവിഭവങ്ങൾ പാട്ടമെന്ന പേരിൽ ജന്മിമാർ പിടിച്ചുവാങ്ങി പുറത്തേക്കു വിറ്റിരുന്നതാണ് പട്ടിണിക്ക് കാരണം. എന്നിരുന്നാലും ഇന്നത്തെ പോലെ പരിസ്ഥിതിയെകുറിച്ച് അവബോധമില്ലാത്ത ആ കാലഘട്ടത്തിൽപോലും പരിസ്ഥിതിക്ക് കോട്ടം തട്ടുന്ന വിധത്തിൽ എന്നെങ്കിലും പ്രവർത്തിക്കാൻ പൂർവ്വികർ ശ്രമിച്ചിരുന്നില്ല.

തൃശൂർ ജില്ലയിലെ ചിറകളിൽ ഏറെ പ്രാധാന്യമുള്ളതാണ് തൃപ്രയാറിനടുത്ത് ചെമ്മാപ്പിള്ളിയിലെ ശ്രീരാമൻ ചിറ. തൃപ്രയാർ ദേവസ്വം വകയായിരുന്ന ചിറ ഇപ്പോൾ താന്ന്യം പഞ്ചായത്തിന്റെ അധീനത്തിലാണ്. താന്ന്യം, അന്തിക്കാട് പഞ്ചായത്തുകളിലായി കിടക്കുന്ന 270 ഏക്കർ നെൽകൃഷിക്കും അനുബന്ധമായി കിടക്കുന്ന 16 കി.മീറ്റർ ചുറ്റളവിലുള്ള കരപ്രദേശത്തെ മറ്റ് കൃഷികൾക്കും കുടിവെള്ളത്തിനും വേണ്ടതായ തുലാവർഷ ജലം സംഭരിച്ചു നിർത്തിയിരുന്നത് ശ്രീരാമൻ ചിറയിലാണ്. കൂടുതൽ വെള്ളം കെട്ടി നിർത്തിയിരുന്ന ചിറയിലെ 30 ഏക്കർ സ്ഥലത്ത് ഒരു പൂവ്വും ബാക്കിസ്ഥലങ്ങളിൽ ജലലഭ്യതയനുസരിച്ച് ഇരുപ്പൂവ്വും, മുപ്പൂവ്വും കൃഷി ചെയ്തിരുന്നു.

തൃപ്രയാർ ശ്രീരാമസ്വാമിക്ഷേത്രവുമായി ബന്ധപ്പെട്ടതാണ് ശ്രീരാമൻ ചിറയും ചിറകെട്ടോണമെന്ന ചിറകെട്ടലും. സേതുബന്ധനത്തിന്റെ ഓർമ്മപുതുക്കൽ കൂടിയാണ് ഈ ചടങ്ങ്. കന്നിമാസത്തിലെ തിരുവോണം നാളിൽ ചിറകെട്ടി പിന്നീട് പെയ്യുന്ന തുലാവർഷജലമാണ് ഇവിടെ സംഭരിക്കുക. ആദ്യകാലങ്ങളിൽ മുളയും ഓലയുമുപയോഗിച്ചായിരുന്നു ചിറകെട്ടിയിരുന്നത്. പറയസമുദായക്കാർക്കായിരുന്നു ചിറകെട്ടാനുള്ള അവകാശം. ചിറകെട്ടോണത്തിന് ഒരു മാസം മുൻപ് കുടുംബസമേതം താമസിച്ചായിരുന്നു 300 മീറ്റർ നീളമുള്ള ചിറകെട്ടിയിരുന്നത്. പിന്നീട് ഈ അവകാശം വേട്ടുവസമുദായക്കാർക്കായി. 1930 കളിൽ ചിറകെട്ട് ചെങ്കല്ലിൽ പടുത്തുയർത്തുകയും 5 അടി ഉയരത്തിൽ കവിഞ്ഞൊഴുക്കിനായി മറ്റൊരു തോടുനിർമ്മിക്കയും ചെയ്ത് ചിറകെട്ടൽ സുഗമമാക്കി. തൃപ്രയാർ ക്ഷേത്ര അത്താഴപൂജക്ക് മുൻപേ അടച്ച് ക്ഷേത്ര ഊരാളന്മാരുടെ നിർദ്ദേശപ്രകാരമാണ് ചടങ്ങ് നടക്കുക. പിന്നീട് കൊട്ടാരപറമ്പിലേക്ക് പ്രാചീനകലാരൂപങ്ങളുടെ അകമ്പടിയോടെ തൃക്കാക്കരയപ്പനെ എഴുന്നുള്ളിക്കുകയും അവിടെ വച്ച് ചിറകെട്ടിയവർക്കുള്ള അവകാശങ്ങൾ വിതരണം ചെയ്യുകയുമാണ് പതിവ്. ഈ ചടങ്ങുകളും ആഘോഷങ്ങളും ഇന്നും തുടർന്നുവരുന്നു.

ജന്മിത്വം അവസാനിപ്പിക്കുകയും ദേവസ്വം സ്ഥലങ്ങൾ പഞ്ചായത്തുകളുടെ അധീനത്തിലാവുകയും കൃഷിഭൂമി കർഷകന് ലഭിക്കുകയും ചെയ്തെങ്കിലും 1967 വരെയും പഴയരീതിക്ക് മാറ്റമൊന്നുമുണ്ടായില്ല. കനോലിപുഴക്കു സമാന്തരമായി 500 മീറ്റർ വ്യത്യാസത്തിലാണ് ശ്രീരാമൻചിറ ജലസേചിത പ്രദേശം. കാലവർഷക്കാലത്ത് കാനോലി പുഴയിൽ വെള്ളമൊഴുക്കു വർദ്ധിക്കുമ്പോൾ ചിറയിൽ നിന്നും വെള്ളം ഒഴുകി പോകുവാൻ ബുദ്ധിമുട്ടുള്ളതിനാൽ ഒരു പൂകൃഷി ചെയ്തിരുന്ന 30 ഏക്കർ സ്ഥലത്ത് "ആര്യൻ" എന്ന നെല്ലു മാത്രമെ കൃഷിചെയ്യാൻ സാധിക്കാറുള്ളു. "ഞങ്ങളുടെ 30 ഏക്കർസ്ഥലത്ത് തുലാവർഷജലം കെട്ടി നിർത്തി ബാക്കിയുള്ള 240 ഏക്കർസ്ഥലങ്ങളിൽ ആരും കൃഷി ചെയ്യേണ്ട" എന്ന ചിലകർഷകരുടെ തീരുമാനപ്രകാരം 1968 ൽ ഇവർ ചിറകെട്ടരുത് എന്നാവശ്യപ്പെട്ട് ഹൈക്കോടതിയിൽ റിട്ട ഹർജി കൊടുത്തു. റിട്ടഹർജി ഹൈക്കോടതി തള്ളി. പഞ്ചായത്ത് പതിവുപോലെ ചിറകെട്ടിയെങ്കിലും പരാതിക്കാർ അന്നുരാത്രി തന്നെ ചിറപൊളിച്ചു. മറ്റുകർഷകർ പഞ്ചായത്തിനേയും കളക്ടറേയും കണ്ട് പരാതി കൊടുത്തതിന്റെ വെളിച്ചത്തിൽ കളക്ടർ സ്ഥലം സന്ദർശിക്കാനെത്തിയെങ്കിലും അദ്ദേഹത്തെ അന്നത്തെ രാഷ്ട്രീയസ്വാധീനമുപയോഗിച്ച് ചിറവിരുദ്ധരും പഞ്ചായത്തുകാരും ചേർന്ന് നടപടികളെടുപ്പിക്കാതിരുന്നു. ചിറയുടെ കസ്റ്റോഡിയിൻ പഞ്ചായത്തായതിനാൽ പഞ്ചായത്തിന്റെ പരാതിയില്ലാതെ നടപടിയെടുക്കാനാവില്ല എന്നാണദ്ദേഹം പറഞ്ഞത്. പഞ്ചായത്തുകമ്മറ്റി കൂടാതെ ഒരു തീരുമാനമെടുക്കാനാവില്ല എന്ന് പഞ്ചായത്തും പറഞ്ഞു. പിന്നീട് 1980 കളിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പ് നടക്കുന്നതുവരെയുള്ള പഞ്ചായത്ത് കമ്മറ്റികളിൽ കോറം തികഞ്ഞതുമില്ല. നടപടികളെടുത്തുമില്ല. അതോടെ ചിറകെട്ട് അവസാനിച്ചു. പിന്നീട് മഴയെ മാത്രം ആശ്രയിച്ച് ഒരു പൂവ്വ് നെൽകൃഷിചെയ്തു. കുറെസ്ഥലങ്ങൾ നികത്തി തെങ്ങിൻ തൈകൾ



നിറഞ്ഞുകിടക്കുന്ന ശ്രീരാമൻ ചിറ

വെച്ചു. വെള്ളം കെട്ടി നിർത്താതായതോടെ ചിറത്തോട് നിർജീവാവസ്ഥയിലാവുകയും തോട്ടിൽ കുളവാഴയും ചണ്ടിയും പുല്ലും നിറഞ്ഞ് നീരൊഴുക്ക് തടസ്സപ്പെട്ടപ്പോൾ വർഷകാലത്ത് ചിറയിൽ വെള്ളകെട്ട് രൂപപ്പെടുകയും ഒരു പൂവ് കൃഷിപോലും ചെയ്യാനാവതെയുമായി. കനോലിപുഴയിൽ ഡിസംബർ മുതൽ ജൂൺവരെയും ഉപ്പുവെള്ളമാണ്. ചിറയിൽ വെള്ളമില്ലാതായതോടെ പുഴയോരപ്രദേശങ്ങളിലെ കിണറുകളിൽ ഉപ്പുവെള്ളമായി. ഓരോ വർഷവും ഉപ്പുവെള്ളം അടുത്തടുത്ത സ്ഥലങ്ങളിലേക്ക് പടർന്നുകൊണ്ടിരിക്കുകയാണ്. നാട്ടിൽ കുടിവെള്ളക്ഷാമം തുടങ്ങി . മറ്റുകൃഷികളിൽ തെങ്ങും കവുങ്ങുമൊഴികെ എല്ലാം ഇല്ലാതായി. മത്സ്യസമ്പത്തും കാലിവളർത്തലും നാമമാത്രമായി. തെങ്ങിനും കവുങ്ങിനും ഉല്പാദനക്ഷമത കുറയുകമാത്രമല്ല രോഗബാധയും തുടങ്ങി. അങ്ങിനെ സ്വാശ്രയ ജീവിതം നയിച്ച ഒരു പ്രദേശം പരാശ്രയജീവിതത്തിലേക്ക് ഉയർന്നു.

നീണ്ട 20 വർഷങ്ങൾക്കുശേഷം പഞ്ചായത്തുകാർക്ക് ചിറയിൽ വെള്ളം നിന്നാലുള്ള ഗുണം കുറേശ്ശെ ബോദ്ധ്യപ്പെട്ടു. അപ്പോഴേക്കും ഭരിക്കുന്നവരുടെ വേണ്ടപ്പെട്ടവർക്ക് ചിറയിൽ തൈവെപ്പുകളുയർന്നിരുന്നു. പഴയതുപോലെ വെള്ളം നിർത്തിയാൽ തൈവെപ്പുകൾ മുങ്ങുമെന്നതിനാൽ ലിഫ്റ്റ് ഇറിഗേഷൻ എന്ന പുതിയ പദ്ധതിനടപ്പിലാക്കി. പുഴയിൽ നിന്നും തോട്ടിലൂടെ വരുന്ന വെള്ളം ഡിസംബർ 15 മുതൽ ചിറയിലേക്ക് അടിച്ചുകയറ്റുക എന്നതാണ് ഈ പദ്ധതി. തൈവെപ്പുകൾക്ക് വെള്ളം കിട്ടണമെന്ന ദുരുദ്ദേശം കൂടി ഇതിലുണ്ടായിരുന്നു. ഡിസംബർ 15 ആവുമ്പോഴേക്കും പുഴയിൽ ഉപ്പുപടരുമെന്നതിനാൽ ഈ പദ്ധതി പൂർണ്ണമായും പരാജയപ്പെട്ടു.

പിന്നീട് കുടിവെള്ളക്ഷാമം മൂലം നട്ടംതിരിഞ്ഞ് എന്ത് ചെയ്യണമെന്നറിയാതെ നിന്ന ജനത്തിന്റെ മുന്നിലേക്കാണ് ‘‘അധികാരം ജനങ്ങളിലേക്ക്’’ എന്ന മുദ്രാവാക്യവുമായി 1996 ൽ ജനകീയാസൂത്രണം കടന്നുവന്നത്. ആദ്യഗ്രാമസഭകളിൽ തന്നെ ഇരുപഞ്ചായത്തുകളിലെയും ബന്ധപ്പെട്ട നാലു വാർഡുകളിലെ ഗ്രാമസഭകളും പഴയതുപോലെ ചിറകെട്ടി തുലാവർഷജലം സംഭരിക്കണമെന്നാവശ്യപ്പെടുകയും തീരുമാനമെടുക്കുകയും ചെയ്തു. അന്തിക്കാട് പഞ്ചായത്തിന്റെ വികസനരേഖയിൽ ചിറകെട്ടണമെന്ന തീരുമാനം രേഖപ്പെടുത്തിയപ്പോൾ ‘‘ചിറകെട്ട് പ്രായോഗികമല്ല’’ എന്നാണ് താന്ന്യം പഞ്ചായത്ത് വികസനരേഖയിൽ രേഖപ്പെടുത്തിയത്. ഗ്രാമസഭാ തീരുമാനങ്ങൾ രേഖപ്പെടുത്തുകപോലും ചെയ്യാതിരുന്ന താന്ന്യം പഞ്ചായത്തിന്റെ നടപടിയിൽ പ്രതിഷേധിച്ച് 1997 ൽ ഗ്രാമവാസികൾ യോഗം ചേർന്ന് ശ്രീരാമൻചിറ സംരക്ഷണസമിതി രൂപീകരിച്ച് പ്രത്യക്ഷസമരപരിപാടികൾക്ക് രൂപം കൊടുക്കുകയും ചെയ്തു. ഇവർ ജനനീതിക്കു നൽകിയ പരാതിയുടെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തി സത്യം മനസ്സിലാക്കിയ ജനനീതി സംരക്ഷണ സമിതിക്ക് പിൻതുണയുമായി രംഗത്തെത്തി. ഏറെ മാധ്യമശ്രദ്ധപിടിച്ചുപറ്റിയ ശ്രീരാമൻചിറകെട്ടി വെള്ളം സംഭരിക്കണമെന്ന് പിന്നീട് ചേർന്ന ബന്ധപ്പെട്ട എല്ലാ ഗ്രാമസഭകളും തീരുമാനമെടുത്തുവെങ്കിലും യാതൊരു നടപടികളുമുണ്ടായില്ല. നിവേദനങ്ങളും ധർണ്ണയുമടക്കമുള്ള സമരങ്ങൾ തുടർന്നെങ്കിലും ഒരു ചർച്ചക്കുപോലും പഞ്ചായത്ത് തയ്യാറായില്ലെന്നു മാത്രമല്ല ചിറയിൽ അനാവശ്യമായി പണചെലവുണ്ടാക്കുന്ന കുറെ പദ്ധതികളുണ്ടാക്കി നടപ്പിലാക്കാൻ ശ്രമിക്കുകയും - ഇതിൽ ചിലത് സാധിക്കാതെ വന്നപ്പോൾതുക വക മാറ്റി ചിലവഴിക്കുകയും, ലാപ്സാക്കുകയും ചെയ്തു. ചിറതോട് താഴ്ത്തിയതിന്റെ പേരിൽ വൻ അഴിമതി നടന്നുവെന്നാണ് നാട്ടുകാർ പറയുന്നത്.

പിന്നീട് വികസനം നീർത്തടാധിഷ്ഠിത കാഴ്ചപ്പാടിലൂടെയായി. എന്നിട്ടും ശ്രീരാമൻചിറയിൽ ഒരു തുള്ളി നീർപോലും നിൽക്കാതിരിക്കാനാണ് പഞ്ചായത്തുകാർ ശ്രമിച്ചത്. ഇപ്പോഴും ശ്രമിക്കുന്നതും.

അവസാനശ്രമമെന്ന നിലയിലാണ് ജനനീതിയുടെ സഹായത്തോടെ സംരക്ഷണസമിതി തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങളുടെ ഓംബുഡ്സ്മാന് പരാതി കൊടുത്തത്. ഗ്രാമസഭാ തീരുമാനങ്ങൾ നടപ്പിലാക്കണമെന്നായിരുന്നു പരാതി. ഓംബുഡ്സ്മാൻ മൂന്ന് പ്രാവശ്യം ബന്ധപ്പെട്ട അധികാരികളെകൊണ്ട് അന്വേഷണം നടത്തി റിപ്പോർട്ട് വരുത്തിയ ശേഷം പഞ്ചായത്ത് കുറ്റക്കാരാണെന്ന് കണ്ടെത്തുകയും പരാതിക്കാരുമായി ചർച്ചചെയ്ത് ഒത്തുതീർപ്പുണ്ടാക്കിയാൽ വിധി പറയുന്നത് ഒഴിവാക്കാമെന്ന് പഞ്ചായത്തിനോട് നിർദ്ദേശിക്കുകയും ചെയ്തെങ്കിലും അത്തരം ഒരു ശ്രമം പഞ്ചായത്ത് നടപ്പിലാക്കാത്തതിന്റെ വെളിച്ചത്തിലാണ് 2003 ഒക്ടോബർ 14 ന് 1968 ലെ ഇതു സംബന്ധിച്ച ഹൈക്കോടതി വിധി നടപ്പിലാക്കുവാനും ചിറ കെട്ടി തുലാവർഷജലം സംഭരിക്കുവാനും ഓംബുഡ്സ്മാൻ വിധി പ്രസ്താവിച്ചത്.

ശ്രീരാമൻചിറ കെട്ടണമെന്ന ആവശ്യമുയരുന്നതിന് മുൻപ് ഒരു വീടും പിന്നീട് 5 വീടുകളും ചിറയിലെ താഴ്ന്നപ്രദേശങ്ങളിൽ ചിലർ വെച്ചിരുന്നു. ഇതിന് പഞ്ചായത്ത് നമ്പറിട്ടുകൊടുത്തതിനു പിന്നിൽ ചിറകെട്ടിക്കാതിരിക്കാനുള്ള ശ്രമവുമുണ്ടായിരുന്നു. ഈവർഷം ഒക്ടോബർ 5 നാണ് ചിറ കെട്ടേണ്ടിയിരുന്നത്. 36 വർഷങ്ങൾക്കുശേഷം ഈ വർഷം കൃത്യദിവസം ചിറകെട്ടും എന്നു മുന്നറിയിപ്പ് നൽകാതിരിക്കുകയും, ചിറയിൽ കൃഷിചെയ്യുന്നവർക്ക് വൻ സബ്സീഡി വാഗ്ദാനം ചെയ്യുകയുമുണ്ടായതിനാൽ 30 പറയോളം സ്ഥലത്ത് സമയം തെറ്റി നെൽകൃഷി ചെയ്തിരുന്നു. കുറേ കൃഷിക്കാർ ഒക്ടോബർ 5 നു മുൻപേ വിളവെടുത്തിരുന്നു.

36 വർഷങ്ങൾക്കു മുൻപ് ചിറയിൽ വെള്ളം സംഭരിച്ചിരുന്നതുപോലെ ഇന്ന് കഴിയില്ലെന്നതിനാൽ നാലു തടയണകൾ നിർമ്മിച്ച് ഓരോ തട്ടിലും നാലടി വെള്ളം നിർത്തുവാനാണ് സംരക്ഷണ സമിതി ആവശ്യപ്പെട്ടിരുന്നത്. ചിറയിലെ ഇന്നത്തെ സാഹചര്യം വിലയിരുത്തി ആവശ്യമായ മുൻകരുതലെടുക്കുകയോ, ബന്ധപ്പെട്ട എല്ലാവരേയും വിളിച്ചിരുത്തി ചർച്ചനടത്തുകയോ ചെയ്യാതെ കോടതിവിധിയുടെ പേര് പറഞ്ഞ് ഒക്ടോബർ 5 ന് പഞ്ചായത്ത് ചിറകെട്ടി. 36 വർഷങ്ങൾക്കുശേഷമുള്ള ഈ ചിറകെട്ടൽ വൻ ഉത്സവമായാണ് നാട്ടുകാർ കൊണ്ടാടിയത്. ചിറകെട്ടിയാലുടൻ തോരാതെ മഴപെയ്യുമെന്നും ആ മഴയിൽ ചിറനിറയുമെന്നുമുള്ള പഴമക്കാരുടെ വിശ്വാസം അതേപടി ഫലിച്ചു. രണ്ടു ദിവസം കൊണ്ട് ചിറ നിറഞ്ഞു. നാട്ടുകാരും ശുദ്ധജലമത്സ്യങ്ങളും ചിറയിൽ നീന്തിത്തുടിച്ചു.

വെള്ളം നിറഞ്ഞതോടെ രണ്ടു പഞ്ചായത്തുകളിലുമായി 3 ഏക്രയോളം നെൽകൃഷി നശിച്ചു. ആറുവീടുകളിലും വെള്ളം കയറി. കൂടുതലുള്ള വെള്ളം അടുത്തവർഷം വെള്ളം സംഭരിക്കുന്നതിന്റെ മുൻകരുതലെന്ന നിലയിൽ ചില വ്യവസ്ഥകളോടെ തുറന്നുവിടാൻ സംരക്ഷണ സമിതി തയ്യാറായിരുന്നുവെങ്കിലും തുറക്കാനധികാരമുള്ള പഞ്ചായത്ത് അതിന് തയ്യാറായില്ല. പരാതിക്കാർ കളക്ടറെ കണ്ടെങ്കിലും കോടതി വിധിയിൽ ഇടപെടാൻ അദ്ദേഹവും തയ്യാറായില്ല. തുടർന്ന് ഇവർ ഹൈക്കോടതിയിൽ ഹർജി കൊടുക്കുകയും, ഹൈക്കോടതി ഓംബുസ്മാൻ വിധി രണ്ടുമാസത്തേക്ക് സ്റ്റേ ചെയ്യുകയും ജനാഭിലാഷം നോക്കി ആവശ്യമായ നടപടി സ്വീകരിക്കുവാൻ പഞ്ചായത്തിന് നിർദ്ദേശം കൊടുക്കുകയും ചെയ്തു. പഞ്ചായത്ത് സെക്രട്ടറിക്കാണ് നിർദ്ദേശമെന്നതിനാൽ പഞ്ചായത്ത് കമ്മറ്റികൂടി തീരുമാനം പോലും എടുക്കാതെ ഒക്ടോബർ 17 ന് ആർ.ഡി.ഒ.യുടെ സാന്നിദ്ധ്യത്തിൽ വൻ പോലീസ് സന്നാഹത്തോടെ പഞ്ചാ

പേജ് 8

Reg. No.3551/93/L Dis    Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ. ജി. ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ സി.ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ. ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ ജോർജ്ജ് പുലികുത്തിയിൽ

# മനുഷ്യാവകാശദിനം

## അഡ്വ. ഫരീദ അൻസാരി

**2003** ലെ മനുഷ്യാവകാശദിനം ജനനീതിയും ഗുരുവായൂർ ശ്രീകൃഷ്ണാകോളേജിലെ ജന്തുശാസ്ത്രവിഭാഗവും സംയുക്തമായാണ് ആചരിച്ചത്. ശ്രീകൃഷ്ണാ കോളേജ് ആഡിറ്റോറിയത്തിൽ ഡിസംബർ 10 ന് രാവിലെ 9.30 ന് ചേർന്ന യോഗത്തിൽ കോളേജ് പ്രിൻസിപ്പൽ പ്രൊഫ. രവീന്ദ്രനാഥൻ മനുഷ്യാവകാശദിനാചരണങ്ങളുടെ ഉദ്ഘാടനം നിർവ്വഹിച്ചു അവകാശബോധം പൗരബോധമായി വികസിപ്പിക്കേണ്ടതുണ്ടെന്ന് ഉദ്ഘാടനസന്ദേശത്തിൽ അദ്ദേഹം വ്യക്തമാക്കി

തുടർന്ന് നടന്ന സെമിനറിൽ മുഖ്യപ്രഭാഷണം നടത്തിയ ജനനീതി എക്സി. ഡയറക്ടർ അഡ്വ.ജോർജ്ജ് പുലികുത്തിയിൽ മനുഷ്യാവകാശ ദർശനത്തിന്റെ വിവിധകാലഘട്ടങ്ങളിലെ വികാസപരിണാമങ്ങളെ അവതരിപ്പിച്ചു. ജീവൻ, സ്വാതന്ത്ര്യം, സമത്വം, അന്തസ്സ് എന്നിവയോട് ബന്ധപ്പെടുത്തി ഭരണഘടന ഉറപ്പുനല്കുന്നതും നീതി പീഠങ്ങൾകാവൽനില്ക്കുന്നതുമായ അവകാശങ്ങളാണ് മനുഷ്യാവകാശങ്ങളെന്ന് അഡ്വ. പുലികുത്തിയിൽ വിശദീകരിച്ചു. വായുമണ്ഡലം, ഭൂഗർഭജലം, പരിസ്ഥിതി സംരക്ഷണം, തൊഴിൽ മേഖല, കാർഷിക-വാണിജ്യ ഉല്പന്നങ്ങളുടെ വിപണി, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, വികസന സാധ്യതകൾ-തുടങ്ങിയ തലങ്ങളിൽ മനുഷ്യാവകാശ സംരക്ഷണം എങ്ങിനെ പ്രായോഗികമാക്കാം എന്ന് നാം ചിന്തിക്കേണ്ടതുണ്ട്.

വിവിധ വിഷയങ്ങളിൽ ചർച്ചകൾ അവതരിപ്പിച്ചുകൊണ്ട് ജനനീതി പ്രവർത്തകരായ അഡ്വ. ഫരീദ അൻസാരി, അഡ്വ. പി.പി. വിനീത്, പ്രൊഫ. എൻ. എൻ. ഗോകുൽദാസ് എന്നിവർ തുടർന്ന് സംസാരിച്ചു. സ്ത്രീകളുടെ അവകാശസംരക്ഷണത്തെക്കുറിച്ച് വിഷയാവതരണം നടത്തിയ അഡ്വ. ഫരീദ നാഷണൽ ക്രൈം റിക്കാർഡ്സ് ബ്യൂറോയുടെ കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് സ്ത്രീ പീഢനങ്ങളുടെ ലോകം തുറന്നു കാട്ടി. നിയമങ്ങളെക്കുറിച്ചുള്ള അജ്ഞതയും ചട്ടങ്ങളുടെ അപര്യാപ്തതയും, നിയമവ്യവസ്ഥയുടെ ദൗർബല്യങ്ങളും, നിയമനിർമ്മാണത്തിലും അവ നടപ്പാക്കുന്നതിലും സംഭവിക്കുന്ന പുരുഷാധിപത്യവും സ്ത്രീകളുടെ ദൈന്യാവസ്ഥയുടെ കാരണങ്ങളായി അഡ്വ. ഫരീദ എടുത്തുകാട്ടി. സ്ത്രീയുടെ അവകാശങ്ങൾ പുരുഷൻ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ ഈ ദുർഗതിക്ക് പരിഹാരമാകൂ. തുല്യം നീതി, നീതിനിർവ്വഹണത്തിലെ സുതാര്യത എന്നിവയ്ക്ക് ഏകീകൃത സിവിൽ നിയമം നടപ്പിൽ വരുത്തേണ്ടത് ആവശ്യമാണെന്നും ഫരീദ പറഞ്ഞു.

ശാരീരികവും മാനസികവുമായ വൈകല്യങ്ങളനുഭവിക്കുന്നവരുടെ അവകാശങ്ങൾ സഫലങ്ങളാകണമെങ്കിൽ അഴിമതി മുക്തവും പ്രതിജ്ഞാബദ്ധവുമായ ഭരണ നിർവ്വഹണ സംവിധാനം ആവശ്യമാണെന്ന് അഡ്വ.വിനീത് വൈകല്യങ്ങൾ അനുഭവിക്കുന്നവരുടെ അവകാശങ്ങളെ വ്യക്തമാക്കിക്കൊണ്ട് അഭിപ്രായപ്പെട്ടു. നിയമങ്ങളുടെ അഭാവമല്ല, അവ നടപ്പിലാക്കേണ്ടവരുടെ ഇഛാശക്തിയുടെ അഭാവവും അലംഭാവവുമാണ് വികലാംഗസമൂഹത്തിന്റെ ദുരവസ്ഥയ്ക്ക് കാരണം. വിധിയുടെ ഭാരം ചുമക്കാൻ ശിക്ഷിക്കപ്പെട്ട അവർക്ക് അർഹിക്കുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് പോലും കൈക്കൂലി കൊടുക്കാത്തതിന്റെ പേരിൽ നിഷേധിക്കുന്ന മാന്യന്മാരായ ഡോക്ടർമാരെക്കുറിച്ചും വിനീത് സൂചിപ്പിച്ചു.

പ്രൊഫ. ഗോകുൽദാസ് എച്ച്. ഐ. വി. അണുബാധയേറ്റവരും എയ്ഡ്സ് രോഗികളുമായവരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും തീരാത്ത ദുഃഖങ്ങളുടെ ചുരുളുകൾ അഴിച്ചുകൊണ്ടാണ് സംസാരിച്ചത്. ഇന്ത്യൻ ഭരണ ഘടനയുടെ അന്താരാഷ്ട്ര ഉടമ്പടികളുടെയും പ്രകൃതിനിയമങ്ങളുടെയും സ്വഭാവിക നീതിയുടെയും പ്രാഥമിക പാഠങ്ങൾപോലും നിഷേധിക്കപ്പെടുന്നവരാണ് മേല്പറഞ്ഞവിഭാഗത്തിൽപ്പെട്ടവർ. കപടമായ സദാചാരവും തെറ്റായ അറിവുകളും, അടിസ്ഥാനരഹിതമായ മുൻവിധികളുമാണ് എയ്ഡ്സ് രോഗികളെ വെറുക്കാനും ഉപരോധിക്കാനും പ്രേരണയാകുന്നത്. വ്യാപകമായ ബോധവല്ക്കരണം ഈ രംഗത്ത് ആവശ്യമാണ്. അബദ്ധധാരണകളെ അകറ്റാൻ ബോധതലത്തിൽ സമൂലമായ പുനർവായന വേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ സമസ്തമേഖലകളിലും ഇതിനാവശ്യമായ നടപടികൾ ഉണ്ടാകണം. പ്രൊഫ.എം. കൃഷ്ണകുമാരി, പ്രൊഫ. വി.കെ. വിജയകുമാർ, ശ്രീമതി ഇ.എസ്. ഉഷ എന്നിവർ ചർച്ചകൾക്ക് നേതൃത്വം നല്കി. വിദ്യാർത്ഥി പ്രതിനിധി പി.ഹരിദേവ് കൃതജ്ഞത രേഖപ്പെടുത്തി.

സാമുഹ്യക്ഷേമവകുപ്പിന്റെ നേതൃത്വത്തിൽ ചേർപ്പ്, ഒല്ലൂക്കര ബ്ലോക്കുകളിൽ സംഘടിപ്പിച്ച സെമിനാറുകളിൽ ജനനീതിയെ പ്രതിനിധീകരിച്ച് ശ്രീമതി കെ. കെ. രാധാമണി ക്ലാസ്സുകൾ എടുത്തു. ■

പേജ് 7 ➠

യത്ത് സെക്രട്ടറി ചിറവിരുദ്ധരെകൊണ്ട് ചിറകെട്ട് പൊളിപ്പിച്ച് ഒരു തുള്ളി വെള്ളം പോലും അവശേഷിപ്പിക്കാതെ തുറന്നുവിട്ടു. ജനരോഷം പേടിച്ച് അന്നുതന്നെ പഞ്ചായത്തു സെക്രട്ടറി നീണ്ട അവധിയിൽ പ്രവേശിച്ചു. ചിറപൊട്ടിച്ചതിൽ പ്രതിഷേധിച്ച് പരിസരപ്രദേശങ്ങളിൽ അന്ന് ഹർത്താലാചരിച്ചു. വീണ്ടും ചിറകെട്ടി വെള്ളം സംഭരിക്കുന്നതുവരെ തുടർച്ചയായ സമരപരിപാടികളാവിഷ്കരിക്കാനും ഹൈക്കോടതിയിൽ നിലവിലുള്ള കേസുമായി മുന്നോട്ടുപോകാനും സമിതി തീരുമാനിച്ച് ശക്തമായി രംഗത്തിറങ്ങിയിട്ടുണ്ട്.

രാമവർമ്മപുരത്തെ പോലീസ് ക്യാമ്പിൽ പോലും തടണ നിർമ്മിച്ച് ജലക്ഷാമം പരിഹരിക്കുന്ന ഈ നീർത്താടാധിഷ്ഠിത പദ്ധതി കാലത്ത് ഒരു പൈസപോലും ചിലവില്ലാതെ ഒരു പ്രദേശത്തെ സ്വാശ്രയീകരിക്കാൻ കഴിവുള്ള ശ്രീരാമൻ ചിറകെട്ട് പരിഹരിക്കാൻ കഴിയുന്ന ചെറിയ പ്രശ്നങ്ങളുടെ പേരിൽ സംരക്ഷിക്കാതിരിക്കുന്നത് വരും തലമുറയോട് ചെയ്യുന്ന പൊറുക്കാനാവാത്ത തെറ്റായി വ്യാഖ്യാനിക്കപ്പെടും തീർച്ച.

■

ജനനീതി
പ്രസിദ്ധീകരണങ്ങൾ

**എല്ലാ അവകാശങ്ങളും എല്ലാവർക്കും**
എഡിറ്റർ
കെ. ജി. ശങ്കരപ്പിള്ള
വിവർത്തനം : സി. പി. ഗംഗാധരൻ, കെ.ടി. തോമസ്

**മനുഷ്യാവകാശങ്ങൾ**
എഡിറ്റർ
എൻ. ആർ. മാധവമേനോൻ
വിവർത്തനം : സി. പി. ഗംഗാധരൻ

**ക്രൈം & ജസ്റ്റീസ്**
എഡിറ്റർ
ബാസിൽ ഫർണാണ്ടോ

**നിയമപ്രകാരം**
എഡിറ്റർ
കെ. ജി. ശങ്കരപ്പിള്ള

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709